# പൂതപ്പാട്ടും കാവിലെപ്പാട്ടും
# ഒരു നാടോടി വിജ്ഞാനീയ ചിന്ത

ലളിതാംബിക എം.വി.

## പൂതവും കാവും നാടോടി സങ്കല്പത്തിൽ

നാടൻ സംസ്കൃതിയുടെ സ്വാധീനം ഏതൊരു സാഹിത്യത്തിലും പ്രതിഫലിച്ചുകാണുക സ്വാഭാവികമാണ്. മലയാള സാഹിത്യത്തിലും അതിനെത്രവേണമെങ്കിലും ഉദാഹരണങ്ങൾ കണ്ടെത്താൻ കഴിയും. ചെറുശ്ശേരി, കുഞ്ചൻ നമ്പ്യാർ തുടങ്ങിയ പ്രാക്തനകവികളുടെ കൃതികളിൽ മാത്രമല്ല, വൈലോപ്പിള്ളി, ഇടശ്ശേരി തുടങ്ങിയവരുടെ കവിതകളിലും നാടൻ സംസ്കൃതിയുടെ സൗഭാഗ്യം നിറഞ്ഞു കാണാം. 'ഗ്രാമീണ കവി'യെന്നു വിശേഷിപ്പിക്കപ്പെടാറുള്ള ഇടശ്ശേരിയുടെ 'കാവിലെപ്പാട്ടും' 'പൂതപ്പാട്ടും' വർണ്ണനയിലോ രൂപഘടനയിലോ മാത്രമല്ല ഇതിവൃത്ത പശ്ചാത്തലത്തിൽത്തന്നെ നാടൻ സംസ്കൃതിയെ ഉൾക്കൊള്ളുന്നു. ഈ രണ്ടുകവിതകൾക്കും ആന്തരികമായ ഒരു സന്ദേശസത്തയുടെ ഐകരൂപ്യമുണ്ട്.

കേരളത്തിന്റെ തനതായ ഒരു പ്രാക്തന സങ്കല്പമാണ് കാവും പൂതവും. നാടിന്റെ സംരക്ഷണത്തിനും ജനങ്ങളുടെ സർവ്വതോമുഖമായ ശ്രേയസ്സിനും വേണ്ടി നിർമ്മിക്കപ്പെട്ടവയാണ് കാവുകൾ എന്നാണ് കേരളപ്പഴമ. വിവിധങ്ങളായ സമാരാധനാരീതികളും ആചാരങ്ങളും അനുഷ്ഠാനങ്ങളും ബലിക്രിയകളും പൂജാവിധികളും അതോടെയാണ് ഉടലെടുത്തത്. കാവുകളിൽ കുടിയിരുത്തപ്പെട്ട ദേവതകളിൽ ഭൂരിപക്ഷവും 'അമ്മ' ദൈവങ്ങളാണ്. രക്തമോഹിനികളായ ദേവതകൾ രക്താരാധനയിലൂടെ മാത്രമേ തൃപ്തിപ്പെടുകയുള്ളുവെന്നാണ് സങ്കല്പം. ശത്രുസംഹാരിണിയായ ദേവത നിഗ്രഹാനുഗ്രഹശക്തികൾ ഉൾക്കൊള്ളുന്നുവെന്നും ജനങ്ങൾ വിശ്വസിച്ചു പോരുന്നു. പൂതം എന്ന പദം ഗ്രാമീണലോകത്തിന് ഏറെ പരിചയമുള്ളതാണ്. കാവുകളിലെ വേലകളോടനുബന്ധിച്ച് വിവിധവേഷക്കാരായ പൂതങ്ങൾ കൊട്ടും പാട്ടുമായി ഭവനം തോറും കയറിയിറങ്ങുന്ന പതിവ് ഇന്നുമുണ്ടല്ലോ. ദേവതാ പ്രീണനത്തിനുവേണ്ടി കാവുകളിൽ നടത്തിവരുന്ന പാട്ടുത്സവം പ്രശസ്തമാണ്. ദേവതാഭേദമനുസരിച്ച് അതിന്റെ ചടങ്ങുകൾക്കും ബലിക്രിയാദികൾക്കും വ്യത്യാസം ഉണ്ടാകും.

മേൽസൂചിപ്പിച്ച തരത്തിലുള്ള നാട്ടറിവുകളും കേട്ടറിവുകളും 'കാവിലെപ്പാട്ട്', 'പൂതപ്പാട്ട്' എന്നിവയുടെ രചനയ്ക്ക് പ്രേരകമായിത്തീർന്നിട്ടുണ്ടെന്ന് കരുതാം. കുട്ടിക്കാലത്ത് പലരിൽനിന്നും പറഞ്ഞുകേട്ട രക്ഷസ്സ്, ഭുവനേശ്വരി, പൊടിപ്പിശാച് തുടങ്ങിയ അനേകം ദേവതകളുടെ ആഖ്യാനങ്ങൾ കവിമനസ്സിനെ വളരെയേറെ സ്വാധീനിച്ചിട്ടുണ്ടെന്ന് പൂതപ്പാട്ടിന്റെ ആമുഖത്തിൽ അദ്ദേഹം കുറിച്ചിട്ടുണ്ട്. കുട്ടിക്കാലത്ത് തന്റെ ഇളംമനസ്സിന് ഇത്തരം ദേവതകളുടെ അസ്തിത്വം ബോധ്യപ്പെട്ടത് ഗ്രീഷ്മാരംഭത്തോടുകൂടി തുടികൊട്ടും കുഴൽവിളികളുമായി എല്ലാ വീടുകളിലും വരുന്ന വിവിധ വേഷക്കാരായ പൂതങ്ങളിലൂടെയാണെന്ന് അദ്ദേഹം വ്യക്തമാക്കുന്നു. "കുട്ടിക്കാലത്ത് അയൽക്കാരേക്കാൾ അടുത്ത പരിചയം എനിക്ക് ദേവതകളെയായിരുന്നു" എന്ന് അദ്ദേഹം വ്യക്തമാക്കുന്നു. "കുട്ടിക്കാലത്ത് അയൽക്കാരേക്കാൾ അടുത്ത പരിചയം എനിക്ക് ദേവതകളെയായിരുന്നു" എന്ന് അദ്ദേഹം എഴുതിയതിൽനിന്നും കവിമനസ്സിന് ഇത്തരം ദേവതകളോടുള്ള മമതയും വേഴ്ചയും എത്രമാത്രമായിരുന്നുവെന്ന് ഊഹിക്കാം. ഇത്തരം നാടൻ സങ്കല്പങ്ങളാണ് ഈ കവിതയിലെ ദേവതാസങ്കല്പത്തിന് പശ്ചാത്തലം ഒരുക്കിയത്.

## ഇതിവൃത്തം

ആദ്യമായി 'കാവിലെപ്പാട്ട്' എന്ന കവിതയിലെ ഇതിവൃത്തത്തെ അപഗ്രഥിച്ചു നോക്കാം. ചോരകൊണ്ട് തെച്ചിമലർ മാലയിടുന്ന ക്രൂരയും കുപിതയുമായ കാവിലമ്മയെ വരവേല്ക്കുന്നതിനായി ജനം ഒരുങ്ങുന്നു. ക്രോധമൂർത്തിയായ അമ്മ പ്രപഞ്ചത്തിന് കുളിർതണലായി മാറിയ കഥപാടി ഈ നാട്ടിൽ അമ്മമാർ മക്കളെ ഉറക്കാറുണ്ട്. എതിരു നിന്ന കശ്മലരെ അരിഞ്ഞുതള്ളിക്കൊണ്ടും മാരിവിത്തു വീഴ്ത്തിക്കൊണ്ടും തെക്കുനിന്നും വന്നവളാണ് ഈ ദേവി. കലികയറിയ ദേവി ആൽത്തറയിൽ നില്ക്കുമ്പോൾ, കളി കഴിഞ്ഞു കളരിയിൽ നിന്നും മടങ്ങുന്ന ഒരോമനക്കുമാരനെക്കണ്ടു. കാവിനുനേർക്ക് തിരി കാണിക്കുന്ന നാലുകെട്ടിലെ സുകൃതപൂരമായ ആ കുമാരന്റെ ദീപ്തി ദേവിയെപ്പോലും അത്ഭുതപ്പെടുത്തി. ദേവി അവനോട് ചോരവീഴ്ത്തി തർപ്പണം ചെയ്ത് തന്റെ ക്രൂരദാഹം തീർക്കാൻ ആവശ്യപ്പെടുന്നു. ദേഷ്യപ്പെടുകയോ ഭയപ്പെടുകയോ ചെയ്യാതെ, മാനുഷകുമാരനായ അവൻ പുഞ്ചിരിയോടെ ആത്മസമർപ്പണത്തിനു തയ്യാറായി. കാവിലെ കുളത്തിൽ കുളിച്ച് ഭൂമിയെ തൊഴുതശേഷം ദേവിയുടെ ദാഹം തീർക്കുന്നതിനായി അവൻ തന്റെ കഴുത്തുവെട്ടി ചോര നൽകി. ആ കുരുതികൊണ്ടും മനം കുളിർക്കാത്ത ദേവിയുടെ ഉഗ്രരോഷം പാരിടത്തിന്റെ നേർക്കുയർന്നു. അവന്റെ വീട്ടിൽ പൊടിയരികൊണ്ട് ചോറുവെച്ച്, ചൂടുപാകമാക്കി, ഉരുക്കിയ നെയ്യൊഴിച്ച്, പല കറികളുമൊരുക്കി കാത്തിരുന്ന അമ്മ, അവനെ അന്വേഷിച്ച് പുറപ്പെട്ടു. മകന്റെ കുരുതി കണ്ട്, ദേവിയുടെ രുഷ്ടതയെ നോക്കാതെ അമ്മ പറഞ്ഞ വാക്കുകൾ ദേവകന്യയായ അംബികയിൽ ചലനമുണ്ടാക്കി. അന്നുമുതൽ ജനങ്ങളുടെ ദുർന്നയത്തിൻ നേർക്കുള്ള തന്റെ രോഷം ദേവി തന്നിലേക്കുതന്നെ തിരിച്ചുവിട്ടു.

## പൂതപ്പാട്ട്

ഇനി പൂതപ്പാട്ടിലെ ഇതിവൃത്തത്തെ അപഗ്രഥിക്കാം. നങ്ങേലി ഓമനിച്ചു വളർത്തി പള്ളിക്കൂടത്തിലേക്കയച്ച ഉണ്ണിയെക്കണ്ടപ്പോൾ പൂതം ഒരോമനപ്പെൺകിടാവിന്റെ രൂപം ധരിച്ച് ഉണ്ണിയെ പലതും പറഞ്ഞ് പ്രലോഭിപ്പിച്ച് തന്റെ പാർപ്പിടത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി. വൈകുന്നേരമായിട്ടും മകൻ തിരിച്ചെത്താത്തതിനെത്തുടർന്ന് നങ്ങേലി അന്വേഷിച്ചിറങ്ങുന്നു. പ്രകൃതി പോലും അമ്മയുടെ ദുഃഖത്തിൽ പങ്കുചേർന്നെങ്കിലും പൂതത്തിന് യാതൊരു മനശ്ചാഞ്ചല്യവുമുണ്ടായില്ല. പൂതം അമ്മയെ പേടിപ്പിച്ചോടിക്കാൻ ശ്രമിച്ചു. പേടിക്കാതെ നിന്ന അമ്മയെ പൊന്നും മണികളും കാട്ടി പ്രലോഭിപ്പിക്കാൻ ശ്രമിച്ചപ്പോൾ അമ്മ തന്റെ കണ്ണുകൾ ചൂഴ്ന്നെടുത്ത് നൽകികൊണ്ട് തന്റെ കുഞ്ഞിനെ വിട്ടുതരാൻ ആവശ്യപ്പെടുന്നു. ഈ തഞ്ചത്തിന് പൂതം തെച്ചിക്കോലുകൊണ്ട് മറ്റൊരുണ്ണിയെ നിർമ്മിച്ചു കൊടുത്ത് അമ്മയെ വഞ്ചിക്കാൻ ശ്രമിച്ചെങ്കിലും മാതൃവാത്സല്യത്തിനു മുന്നിൽ പരാജയമടയേണ്ടിവന്നു. ഒടുവിൽ അമ്മ പൂതത്തിനെ ശപിക്കുമെന്ന ഘട്ടത്തിലെത്തിയപ്പോൾ പൂതം കുട്ടിയെ വിട്ടുകൊടുത്തു. സന്തോഷവതിയായ അമ്മ ആണ്ടിലൊരിക്കൽ വീട്ടിലെത്തി ഉണ്ണിയെക്കാണുന്നതിനുള്ള അനുമതി പൂതത്തിനു നൽകി. ഉണ്ണിയുടെ വീടേതെന്നറിയാത്ത പൂതം എല്ലാ വീട്ടിലും ഉണ്ണിയെ അന്വേഷിച്ചന്വേഷിച്ച് നടക്കുകയാണ്.

## നാട്ടറിവിന്റെ അംശങ്ങൾ

'കാവിലെപ്പാട്ട്' എന്ന കവിതയിൽ നാട്ടറിവിന്റെ അംശങ്ങൾ എത്രമാത്രമുണ്ടെന്ന് നമുക്കു പരിശോധിക്കാം. പ്രസ്തുത കവിതയിലൂടെ കവി ഗ്രാമീണ വിശ്വാസത്തിലധിഷ്ഠിതമായ കാവിലമ്മയുടെ ചിത്രം വരച്ചുകാട്ടുന്നു. 'കന്യക'യും ജനങ്ങളുടെ 'കൂപ്പുകൈകളാലെ കഞ്ജമലർമൊട്ടുകോർത്ത മാലയിടു'ന്നവളും നമിതശീർഷകമ്രരുദ്രാക്ഷങ്ങൾ കോർത്ത മാലയിടുന്നവളും 'ക്രൂര'യും 'കുപിത'യും 'ചോരകൊണ്ടു തെച്ചിമലർ മാലയിടു'ന്നവളും ചുകന്ന പട്ടുടുത്ത് ഉതിരഭൂവിൽ നൃത്തമാടുന്നവളും ചുകപ്പുകൊണ്ട് കാർകുഴൽ മൂടുന്നവളും കൊടിയ പെരും വാൾകൾ മിന്നിക്കുന്നവളുമായ കാവിലമ്മയുടെ ചിത്രം നാടൻ വിശ്വാസത്തിനനുയോജ്യമായതുതന്നെയാണ്.

കാളിയുടെ വൈവിധ്യമാർന്ന സമാരാധനാരീതികൾ ഈ കവിതയിൽ സൂചിതമായിട്ടുണ്ട്. പൊൻകുടങ്ങളിൽ മധുവും പൂക്കുലകളും വച്ച്, കളമെഴുതി, നിറപറയും നിലവിളക്കും വച്ച് ചെണ്ടമേളത്തിന്റെയും വെടിക്കെട്ടിന്റെയും അകമ്പടിയോടെ ബാലികമാർ താലപ്പൊലിയുമായി കാവിലമ്മയെ വരവേല്ക്കുന്നത് കേരളീയമായ ഒരാരാധനാസമ്പ്രദായമാണ് ഇതിൽനിന്നും വ്യത്യസ്തമായ മറ്റൊരു ആരാധനാസമ്പ്രദായമാണ് 'പീഠമിട്ട് പട്ടും പൊന്നലരും തൂർത്തു വിരിച്ച്' ദേവിയെ വരവേല്ക്കുന്നത്. ഈ രണ്ട് ആരാധനാ സമ്പ്രദായങ്ങളും കവി തന്റെ കവിതയിൽ വ്യക്തമായി വർണ്ണിക്കുന്നുണ്ട്.

കാവിലമ്മ സൃഷ്ടിയുടെയും സംഹാരത്തിന്റെയും പ്രതീകമാണെന്ന ആശയം കവി 'കാവിലെപ്പാട്ടി'ൽ ആവിഷ്കരിക്കുന്നു. 'സുംഭനിസും ഭാദികളെക്കൊന്നൊടുക്കിയോളെ എന്ന സംബോധന തന്നെ കാവിലമ്മയുടെ സംഹാരഭാവത്തിന്റെ പ്രതീകമായി നിലകൊള്ളുന്നു.

"എതിരു നിന്ന കശ്മലരെ
നീയരിഞ്ഞുതള്ളി
പതിരുപോലെ പാഞ്ഞവരിൽ
മാരിവിത്തും വീഴ്ത്തി",
"ദുരിതവൃത്ത രുധിരസിക്ത
കുടിലഖഡ്ഗമോടേ
കലികയറിക്കമ്പിതയാ-
യംബികനീ നിന്നു"

തുടങ്ങിയ വരികൾ കാവിലമ്മയുടെ നിഗ്രഹാനുഗ്രഹശക്തിയെയാണ് സൂചിപ്പിക്കുന്നത്.

കാവിലമ്മയുടെ സൃഷ്ടിയിലെ ക്രൗര്യം പ്രപഞ്ചത്തിന്റെ കുളിർതണലായി മാറിയ കഥയാണ് ഈ കവിതയിൽ ആവിഷ്ക്കരിക്കുന്നത്. ഗ്രാമീണജനങ്ങളുടെ ഇടയിൽ നിലവിലുള്ള ഒരു വിശ്വാസം കൂടിയാണ് ഈ കഥ. ഈ ജനവിശ്വാസം അതിന്റെ തനിമ നിലനിർത്തിക്കൊണ്ട് ആവിഷ്ക്കരിക്കാൻ കവിക്ക് കഴിഞ്ഞിരിക്കുന്നു. ഇത്തരം അനേകം കഥകൾ വാമൊഴിയായി നിലവിലുണ്ട്. ഈ കഥയും കുട്ടികളെ പാടിയുറക്കാൻ ഉപയോഗിച്ചിരുന്നുവെന്ന്,

'അക്കഥകൾ പാടിപ്പാടി ശ്ശാന്തനിശീഥത്തിൽ
മക്കളെയുറക്കിടാറുണ്ടമ്മമാരീ നാട്ടിൽ"

എന്നീ വരികളിലൂടെ കവി തന്നെ വ്യക്തമാക്കുന്നുണ്ട്. നാട്ടറിവിന്റെ വാങ്മയ പാരമ്പര്യമാണ് ഇവിടെ സൂചിപ്പിക്കുന്നത്.

കേരളത്തിലെ കാളീസങ്കല്പങ്ങളിൽ പ്രധാനമായ ഒന്നാണ് കാളി തെക്കുനിന്നു വടക്കോട്ട് വന്നുവെന്നത്. ഈ കാളീപുരാവൃത്തം വളരെ വ്യക്തമായി 'കാവിലെപ്പാട്ടി'ൽ കാണാൻ കഴിയും.

'തെക്കുതെക്കൊരൂരിൽ നിന്നു വന്നുവത്രേ ദേവി
തെച്ചിമലർ പൂത്തലറും വേനലാളും നാളിൽ'

എന്നിങ്ങനെ പ്രസ്തുത കാളീപുരാവൃത്തത്തെ അയത്നലളിതമായ കവി ചിത്രീകരിച്ചിരിക്കുന്നു.

പരദേവതമാരെ മച്ചിലും പറമ്പിലും കൂടിയിരുത്തുന്ന പഴയ തറവാടിന്റെ ഒരു ദൃശ്യബിംബം നമുക്ക് കാവിലെപ്പാട്ടിൽ ദർശിക്കാൻ കഴിയും. കാവിനു നേർക്ക് സന്ധ്യാസമയത്ത് തിരികൊളുത്തിക്കാണിക്കുന്ന സുകൃതം നിറഞ്ഞ നാലുകെട്ട് ഗ്രാമീണത്തനിമ നിലനിർത്തുന്നതാണ്. ഗ്രാമീണ ജനവിശ്വാസത്തിലധിഷ്ഠിതമായ ഇതിവൃത്തത്തിനുപുറമെ ഗ്രാമ്യശൈലിയുള്ള ഭക്ഷണരീതി കൂടി ഈ കവിതയിൽ കണ്ടെത്താം. പൊടിയരികൊണ്ട് ചോറുവെച്ച് ഉരുക്കിയ നെയ്യൊഴിച്ച് പലകറികളുമൊരുക്കിക്കൊണ്ടുള്ള നാടൻ ഭക്ഷണരീതി ഇതിൽ ആഖ്യാനം ചെയ്തിരിക്കുന്നു.

അടുത്തതായി നാട്ടറിവിന്റെ അംശങ്ങൾ കണ്ടെത്തുന്നതിനായി 'പൂതപ്പാട്ടി'ലൂടെ കണ്ണോടിച്ചുനോക്കാം. പഴയ വള്ളുവനാടാൻ പ്രദേശങ്ങളിൽ വിവിധ വേഷങ്ങളണിഞ്ഞ പൂതങ്ങളുമായി പറയന്മാർ വീടുതോറും കൊടുംപാട്ടുമായി

കയറിയിറങ്ങി മകരക്കൊയ്ത്തിന്റെ പങ്കു പറ്റാറുണ്ട്. ഈ പൂതങ്ങളുടെ വേഷം തനതായ രൂപത്തിൽ കവി 'പൂതപ്പാട്ടി'ൽ വരച്ചുകാട്ടുന്നു.

'അയ്യയ്യാ, വരവമ്പിളിപ്പൂങ്കുല
മെയ്യിലണിഞ്ഞ കരിമ്പൂതം
കാതിൽ പിച്ചളത്തോട, കഴുത്തിൽ-
'ക്കലപലെ' പാടും പണ്ടങ്ങൾ'

എന്നു തുടങ്ങുന്ന പൂതത്തിന്റെ വർണ്ണന വായനക്കാരുടെ മനസ്സിനെ വള്ളുവനാട്ടിലെ നാടൻ സംസ്കാരത്തിലേക്കെത്തിക്കുകയാണ് ചെയ്യുന്നത്.

കുന്നിനു മറുവശത്തുള്ള പറയക്കുടിലുകളിൽനിന്നാണ് പറപ്പൂതം വരുന്നത്. ഈ പറപ്പൂതത്തിന്റെ പശ്ചാത്തലത്തിൽ ആരംഭിക്കുന്ന പൂതപ്പാട്ട് നാടൻ സംസ്കാരം അതേപടി പകർത്തിയതുതന്നെയാണ്. ഗ്രാമീണ ജനവിശ്വാസത്തിന്റെ ഒരു ഘോഷയാത്രതന്നെ നമുക്ക് പൂതപ്പാട്ടിൽ ദർശിക്കാൻ കഴിയും. പശുക്കളുടെ പാല് പൂതം കുടിക്കുമെന്ന ഗ്രാമീണ സങ്കല്പത്തെ,

'പൈക്കളെ മേക്കുന്ന ചെക്കന്മാരുച്ചയ്ക്കു
പച്ചിലപ്പൂന്തണൽ പൂകും
ഒറ്റയ്ക്കുമേയുന്ന പയ്യിൻമുലകളെ-
ത്തെറ്റെന്നിപ്പൂതം കുടിക്കും'

എന്നിങ്ങനെ വളരെ ലളിതമായി കവി ആഖ്യാനം ചെയ്തിരിക്കുന്നു.

പൂതത്തെക്കുറിച്ചുള്ള ഒട്ടേറെ നാടൻ വിശ്വാസങ്ങൾ ഈ കവിതയിൽ വിളക്കിച്ചേർത്തതു കാണാം. താംബൂലം ലഭിക്കുന്നതിനുവേണ്ടി പൂതം ആളുകളുടെ വഴിതെറ്റിക്കുമെന്ന വിശ്വാസവും, 'തെച്ചിപ്പൂ ചോക്കണത്' പൂതം മുറുക്കാനെടുത്തു മുറുക്കിയശേഷം തെച്ചിപ്പൊന്തയിലേക്ക് തുപ്പുന്നതുകൊണ്ടാണെന്ന സങ്കല്പവും ഇതിൽ വളരെ മനോഹരമായി കവി ചിത്രീകരിച്ചിരിക്കുന്നു.

പൂതപ്പാട്ടിലെ നങ്ങേലി തന്റെ മകനെ വളർത്തുന്നതായി ചിത്രീകരിക്കുന്ന സന്ദർഭത്തിൽപ്പോലും ഒരു നാടൻശൈലി അനുവർത്തിക്കാൻ കവി ശ്രമിക്കുന്നു. കേരളത്തിന്റെ തനതു സംസ്കാരത്തിന്റെ മാതൃകയിൽ ഉണ്ണിക്ക് അരയിൽ കിങ്ങിണിയും കാതിൽ കടുക്കനുമിടുവിക്കാൻ കവി മറക്കുന്നില്ല.

'കാച്ചിയമോരൊഴിച്ചൊപ്പിവടിച്ചിട്ടു
കാക്കേ പൂച്ചേ പാട്ടുകൾ പാടീട്ടു
മാനത്തമ്പിളി മാമനെക്കാട്ടീട്ടു
മാമുകൊടുക്കുന്നു നങ്ങേലീ'

എന്നിങ്ങനെ നാട്ടിൻപുറത്തെ കുട്ടികൾക്ക് ഭക്ഷണം നൽകുന്ന രീതിയിൽത്തന്നെയാണ് ഉണ്ണിക്ക് ഭക്ഷണം നൽകുന്നത്. 'താഴെവെച്ചാൽ ഉറുമ്പരിക്കും, തലയിൽ വെച്ചാൽ പേനരിക്കും' എന്ന നാടൻ ചൊല്ല് അതേപടി ഇതിൽ ദർശിക്കാം.

പഴയകാലത്ത് ഒരു നാട്ടിൻപുറത്തെ കുട്ടിയെ വിദ്യാഭ്യാസത്തിനായി പള്ളിക്കൂടത്തിലേക്കയക്കുന്നതിന്റെ വ്യക്തമായ ചിത്രം പൂതപ്പാട്ടിൽ കണ്ടെത്താം. പുള്ളീലക്കര മുണ്ടുടുത്ത്, വള്ളികൾ കൂട്ടിക്കുടുമയും കെട്ടി, പൊൻപിടിക്കൊച്ചെഴുത്താണിയും ഏറെ മിനുക്കിയ ഓലയുമെടുത്ത് വയലിലൂടെ നടന്ന് കുന്നിൻ മുകളിലേക്ക് കയറുന്ന ഉണ്ണിയുടെ ചിത്രം ഒരു നാട്ടിൻപുറക്കാരനിൽ തന്റെ ബാല്യത്തിന്റെ ഓർമ്മയെ തൊട്ടുണർത്തുകതന്നെ ചെയ്യും. വയലിലൂടെയും കുന്നിൻ മുകളിലൂടെയും ഉണ്ണിപോകുമ്പോൾ ഒരു ഗ്രാമത്തിന്റെ അന്തരീക്ഷം കവിതയിലെന്നപോലെ വായനക്കാരന്റെ മനസ്സിലും തങ്ങിനിൽക്കുന്നു. കുന്നിൻ പൈക്കൾ മേയുന്നതും പച്ചപ്പടർപ്പിൽ ചെത്തിപ്പൂവുകൾ വിടർന്നു നില്ക്കുന്നതും മൊട്ടപ്പാറയിൽ കയറിയ ആട്ടിൻപറ്റം തുള്ളിക്കളിക്കുന്നതും ഉങ്ങും പുന്നയും പൂത്തതിൽ വണ്ടുകൾ പാറിക്കളിക്കുന്നതും നാട്ടിൻ പുറത്തുമാത്രമേ ഇന്ന് കണ്ടെത്താൻ സാധിക്കൂ.

മകനെ അന്വേഷിച്ച് അമ്മ നടക്കുന്ന വഴികൾ നമ്മെ ഒരു നാട്ടിൻ പുറത്താണ് എത്തിക്കുന്നത്. ആറ്റിൻ കരകളും നീറ്റിൽക്കളിക്കുന്ന പരൽമീനും ആളില്ലാപ്പാടവും പൂട്ടിമറിച്ചിട്ട മണ്ണും കുന്നിൻ ചെരിവും കൂർത്തകല്ലുകൾ

നിറഞ്ഞ വഴിയും നത്തുകളും അവ താമസിക്കുന്ന പൊത്തും മറ്റും ഗ്രാമീണ പരിസരത്തിലല്ലാതെ നൂതനാന്തരീക്ഷത്തിൽ ഒരിക്കലും കണ്ടുമുട്ടാനാകില്ലെന്ന് നമുക്കറിയാം.

പാറക്കെട്ടിന്റെ പിളർപ്പിൽ കിളിവാതിലുണ്ടെന്നും അതിലൂടെ പൂതം നോക്കുമെന്നുമുള്ള പഴമക്കാരുടെ വിശ്വാസം തന്നെയാണ്,

'പാറക്കെട്ടിന്റെ കൊച്ചു പിളർപ്പിലെ-
ക്കിളിവാതിലപ്പോൾ തുറന്നു പൂതം'

എന്ന വരികളിലൂടെ കവി ആഖ്യാനം ചെയ്യുന്നത്. നിധി കാക്കുന്ന ഭൂതത്തെക്കുറിച്ചുള്ള സങ്കല്പകഥകൾ അറബിഭാഷയിൽപ്പോലും പ്രശസ്തമാണ്. ഇവിടെയും കുന്നിനുള്ളിലുള്ള നിധി പൂതം കാത്തു സൂക്ഷിക്കുകയും തന്റെ ഇംഗിതത്തിനനുസരിച്ച് എടുക്കുകയും ചെയ്തിരുന്നുവെന്ന്,

'പൂതമക്കുന്നിന്റെ മേൽമൂടിപ്പാറയെ-
ക്കൈതപ്പൂപോലെ പറിച്ചുനീക്കി
കൺചിന്നുമാറതിൽപ്പൊന്നും മണികളും
കുന്നുകുന്നായിക്കിടന്നിരുന്നു
"പൊന്നും മണികളും കിഴികെട്ടിത്തന്നീടാം
പൊന്നാരക്കുട്ടനെ ഞാനെടുക്കും"

തുടങ്ങിയ വരികളിൽ നിന്നും മനസ്സിലാക്കാൻ കഴിയും.

ദേവതകൾ വേഷംമാറി നടന്നിരുന്നതായി പുരാണങ്ങളിൽപ്പോലും വിശദമാക്കുന്നുണ്ട്. നാടോടിക്കഥകളിലും പാട്ടുകളിലും ഇത്തരം സങ്കല്പങ്ങൾ കുറച്ചൊന്നുമല്ല ഉള്ളത്. ഇപ്രകാരമുള്ള വേഷം മാറൽ 'പൂതപ്പാട്ടി'ലും കണ്ടെത്താം. ആദ്യം പൂതം ഒരോമനപ്പെൺകിടാവായിമാറി ഉണ്ണിയെ വശത്താക്കുന്നു. ഉണ്ണിയെ അന്വേഷിച്ച് അമ്മ വന്നപ്പോൾ, പൂതം കാറ്റിൻ ചുഴലിയായും കാട്ടുതീയായും നരിയായും പുലിയായും മാറുന്ന കാഴ്ച നമ്മെ നാടോടിക്കഥകളിലെത്തിക്കാൻ പ്രാപ്തമായതാണ്. ആളുകളെ വശത്താക്കാൻ പൂതം പല അടവുകളുമെടുക്കുമെന്ന ജനവിശ്വാസത്തെ ഊട്ടിയുറപ്പിക്കുന്നതാണ് ഇതിലെ പൂതം അമ്മയെ വശത്താക്കാൻ എടുക്കുന്ന അടവുകൾ. പൂതം അമ്മയെ ആദ്യം പേടിപ്പിച്ചോടിക്കാനും പിന്നീട് പൊന്നും മണികളും കാട്ടി പ്രലോഭിപ്പിക്കാനും ശ്രമിക്കുന്നു. അമ്മ കണ്ണുചൂഴ്ന്നെടുത്തു നൽകിയപ്പോൾ മന്ത്രം ജപിച്ച് തെച്ചിക്കോലാൽ മറ്റൊരുണ്ണിയെ നിർമ്മിച്ച് അമ്മയെ വഞ്ചിക്കാനും പൂതം മടിക്കുന്നില്ല. ഇപ്രകാരം മന്ത്രത്താൽ പല അത്ഭുതങ്ങളും കാണിക്കാൻ സാധിക്കുമെന്ന പഴയകാല സങ്കല്പം പൂതത്തിന്റെ പ്രവൃത്തിയിലൂടെ കവി വെളിപ്പെടുത്തുന്നു.

ഇരുമ്പാണിയുണ്ടെങ്കിൽ പൂതപ്രേതപിശാചുകൾക്ക് തൊടാൻ പറ്റില്ല എന്ന ഒരന്ധവിശ്വാസം നാട്ടിൻ പുറങ്ങളിൽ നിലവിലുണ്ട്. ഈ നാടൻ വിശ്വാസത്തിന്റെ പുനരാവിഷ്ക്കരണം പൂതപ്പാട്ടിൽ കാണാം. പൂതം പെൺകിടാവായി മാറി. പക്ഷേ, ഉണ്ണിയുടെ കൈയിൽ എഴുത്താണി ഉള്ളതിനാൽ പൂതത്തിന് അവനെ തൊടാൻ സാധിച്ചില്ല. തന്മൂലം പലതും പറഞ്ഞ് അവനെ പ്രലോഭിപ്പിച്ച് അവനെക്കൊണ്ട് എഴുത്താണി ദൂരെ എറിയിച്ചശേഷമാണ് അവനെ പിടിച്ചുകൊണ്ടുപോകുന്നത്.

ഉണ്ണിയെ വർഷത്തിലൊരിക്കൽ കാണുന്നതിനുള്ള അനുമതി നങ്ങേലി പൂതത്തിനു നൽകി. പക്ഷേ, ഉണ്ണിയുടെ വീടേതെന്നറിയാത്ത ഉണ്ണിയുടെ വീടന്വേഷിച്ച് എല്ലാവർഷവും നാട്ടിൻപുറത്തെ ഓരോ വീട്ടിലും ചെല്ലുന്നു. ഇപ്രകാരം പറപ്പൂതത്തിന്റെ ഉത്പത്തിയുടെ കാരണം കവി തന്റെ ഭാവനയിൽനിന്നും ചികഞ്ഞെടുത്ത് അതിമനോഹരമായി ചിത്രീകരിച്ചിരിക്കുന്നു.

ആവിഷ്ക്കരണരീതി

'കാവിലെപ്പാട്ടി'ലെ ആവിഷ്ക്കരണ രീതി ശ്രദ്ധേയമാണ്. ഒരു മുത്തശ്ശിക്കഥയുടെ മട്ടിലാണ് ഈ കവിത അവതരിപ്പിക്കുന്നത്. കുട്ടികളെ താരാട്ടുപാടാൻ അമ്മമാർ പറയാറുള്ള അനേകം കഥകളിൽ ചിലത്. ഇതിവൃത്തമായി സ്വീകരിച്ച് കാവ്യഭംഗിയോടെ ഗ്രാമീണത്തനിമ നിലനിർത്തിക്കൊണ്ട് അവത

രിപ്പിക്കാൻ കവിക്ക് കഴിഞ്ഞു. ഈ കവിതയിൽ നാടൻ പാട്ടുകളിലെപ്പോലുള്ള ആവർത്തന സ്വഭാവം കണ്ടെത്താം.

'സമയമായീ സമയമായി തേരിറങ്ങുകംബേ
സകലലോകപാലനൈകസമയമതാലംബേ'

എന്നീ വരികൾ ഇടയ്ക്കിടെ ആവർത്തിച്ചിരിക്കുന്നു. 'ദേവി കന്യകയാണേ' എന്നീ വരികൾ ഇടയ്ക്കിടെ ആവർത്തിച്ചു വ്യക്തമാക്കുന്നു. 'ചൊകചൊകെച്ചുകപ്പുടുത്തു' എന്ന പദാവർത്തനം രൗദ്രതയുടെ പ്രതീകമായി നിലകൊള്ളുന്നു. ആ പദം കേൾക്കുമ്പോൾ ചുകന്ന പട്ടുടുത്ത് ഉറഞ്ഞു തുള്ളുന്ന കോമരത്തിന്റെ ചിത്രം നമ്മുടെ അബോധമനസ്സിലേക്കോടിയണയുന്നു. പൊൻകുടത്തിൽ പൂക്കുല വച്ച്, കളമെഴുതി, നിറപറയും നിലവിളക്കും വച്ച്, 'ചെകിടടയും വെടി'കളുടെയും ചെണ്ടമേളത്തിന്റെയും പശ്ചാത്തലത്തിൽ പെൺകുട്ടികൾ താലവുമേന്തി നിരന്നു നില്ക്കുന്നുവെന്ന വിവരണം ഒരു നാട്ടിൻപുറത്തെ ഉത്സവാഘോഷരംഗത്തേക്ക് നമ്മെ ഒരു നിമിഷം എത്തിക്കുവാൻ പ്രാപ്തമായതാണ്.

നാടൻ വിജ്ഞാനത്തിൽ തിരസ്കരിക്കാനാകാത്ത ഒന്നാണ് കളരി പാരമ്പര്യം. ഈ പാരമ്പര്യത്തിലെ ചില പ്രത്യേകതകൾ 'കാവിലെപ്പാട്ടി'ൽ സൂചിപ്പിക്കുന്നതു കാണാം. കാവിലമ്മയുടെ മുന്നിൽ കുരുതിക്ക് പ്രസ്തുത കുമാരൻ തയ്യാറാകുന്ന വിധം വിശദീകരിക്കുന്നിടത്ത്.

'ഏഴടിപിന്നോക്കമിട്ടിട്ടേഴടികുതിച്ചു
താണുനിന്നൊളിപെറുംതൻ വാളിനേയും കൂപ്പി'

എന്നീ പ്രകാരം വർണ്ണിച്ചിരിക്കുന്നു. ഈ വർണ്ണന കളരിയഭ്യാസം കഴിഞ്ഞവരുടെ കലാപ്രകടനം തന്നെയാണ്. ഏഴടി പിന്നോക്കം പോയി ഏഴടി കുതിക്കുകയെന്നത് കളരിവിദ്യയുടെ പ്രത്യേകതയാണ്. 'ഏഴുകൊല്ലം വാളെടുത്ത് അവൻ പയറ്റി' എന്നു പറഞ്ഞിരിക്കുന്നതിൽനിന്നും കളരിയഭ്യാസം കഠിന പരിശ്രമത്തിലൂടെ, ദീർഘകാല പരിശീലനത്തിലൂടെ മാത്രം സ്വായത്തമാക്കാവുന്ന ഒന്നാണെന്ന് കവി വ്യക്തമാക്കിയിരിക്കുന്നു.

വ്രതാനുഷ്ഠാനത്തിന്റെ പ്രസക്തി കാവിലെപ്പാട്ടിൽ എടുത്തുപറയുന്നുണ്ട്. ഏഴുകൊല്ലം നോൽമ്പെടുത്താണ് വിവാഹം കഴിഞ്ഞതെന്നും ഏഴുകൊല്ലം നോൽമ്പെടുത്താണ് മകനുണ്ടായതെന്നും കുമാരന്റെ അമ്മ കാവിലമ്മയോട് പറയുന്നതിൽ നിന്നും വ്രതാനുഷ്ഠാനങ്ങൾക്ക് ജനഹൃദയങ്ങളിലുണ്ടായിരുന്ന സ്ഥാനം എത്രമാത്രമെന്ന് കവി വ്യക്തമാക്കിയിരിക്കുന്നു. ഭർത്തൃലാഭവും സന്താനലാഭവും പ്രാർത്ഥനകളിലൂടെ ഉണ്ടാകുമെന്ന നാടൻ വിശ്വാസത്തിന്റെ ആവിഷ്ക്കാരമാണിത്.

കോമരം ഉറഞ്ഞു വന്ന് സ്വയം തലയ്ക്കുവെട്ടി വെളിപാടു നടത്തുന്നതിന്റെ യഥാതഥമായ ചിത്രമാണ് കാവിലെപ്പാട്ടിൽ നമുക്ക് കണ്ടെത്താൻ കഴിയുക. കോമരത്തിന്റെ ഈ പ്രവൃത്തിയുടെ പിന്നിലെ ചേതോവികാരമാണ് കവി ഈ കവിതയിലൂടെ അവതരിപ്പിക്കുന്നത്. ജനങ്ങളുടെ ദുർന്നയത്തിന് നേർക്കുള്ള തന്റെ രോഷത്തെ കാവിലമ്മ തന്നിലേക്കു തന്നെ തിരിക്കുകയും തന്നെത്തന്നെ ശിക്ഷിക്കുകയും ചെയ്യുന്നുവെന്ന പുരാസങ്കല്പം അതിമനോഹരമായി കവി ആവിഷ്ക്കരിച്ചിരിക്കുന്നു.

തന്റെ ചെറിയേടത്തിയുടെ കഥാകഥനരീതിയിലാണ് 'പൂതപ്പാട്ട്' എഴുതിയതെന്ന് കവി തന്നെ പ്രസ്തുത കൃതിയുടെ ആമുഖത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. നാടോടിപ്പാട്ടുകൾ പാടുന്ന അതേ തന്മയത്വത്തോടെ, ഇടയ്ക്കിടെ ഗദ്യഭാഗം ചേർത്ത് ആകർഷകമാക്കിക്കൊണ്ടുള്ള ആഖ്യാനരീതി ഏതു തരക്കാർക്കും ഹൃദ്യമായി അനുഭവപ്പെടും.

നാടൻ ബിംബകല്പനകൾ

അലങ്കാരഭാസുരമായ അനേകം നാടൻ ബിംബകല്പനകൾ കൊണ്ട് ആകർഷകങ്ങളാണ് ഇടശ്ശേരിയുടെ 'കാവിലെപ്പാട്ടും' 'പൂതപ്പാട്ടും' കാവിലെപാട്ടിലെ, 'ചോരകൊണ്ടു തെച്ചിമലർമാല'യിടും ദേവി,

'ചൊകചൊകെച്ചുകപ്പുടുത്തു വെള്ളിയരഞ്ഞാണി-

ട്ടരമുറുക്കിയുതിരഭൂവിൽ നൃത്തമാടിയാടി
ചൊകചൊകെച്ചുകപ്പുകൊണ്ടു കാർകുഴലും മൂടി-
ത്തിറമെഴും ശിരസ്ത്രമിട്ടു നൃത്തമാടിയാടി'

തുടങ്ങിയ ദേവിയുടെ വർണ്ണന നാടൻ ദൃശ്യബിംബത്തിന് ഒരുദാഹരണമാണ്.

'മൺകുടത്തിൽ മദകരമാം മധു തുളുമ്പിടുന്നു;
പൊൻകുടത്തിൽ പൂക്കുലകൾ പൊട്ടിവിരിയുന്നു;
കളമധുര ദ്യുതികഴുകിക്കളമെഴുതിത്തീർന്നു;
നിറപറയും കതിർച്ചൊരിയും നിലവിളക്കും വെച്ചു;
ചെകിടടയും വെടികളോടെ ചെണ്ടമേളം താക്കി
ച്ചേലിയലും പെൺകൊടിമാർ താലവും നിരത്തി' (കാവിലെപ്പാട്ട്)

തുടങ്ങിയ വരികളിൽ ദൃശ്യശ്രാവ്യാദിബിംബങ്ങളുടെ ഒരു ഘോഷയാത്ര തന്നെ കാണാം കാവിലെപ്പാട്ടിലെ,

'ഒളിവിളങ്ങും വാളിളക്കി നിന്റെ ദാഹം തീർക്കെ-
ന്നിളമുളയെപ്പോലെ തന്റെ ഗളതലത്തെവെട്ടി'

തുടങ്ങിയ വരികളിലും പൂതപ്പാട്ടിലെ,

'ആറ്റിലൊലിച്ചെത്തുമാമ്പലപ്പൂപോലെ-
യാടിക്കുഴഞ്ഞെത്തുമമ്പിളിക്കലപോലെ
പൊന്നുങ്കുടം പോലെ പൂവമ്പഴംപോലെ
പോന്നുവരുന്നോനെക്കണ്ടൂപൂതം'

തുടങ്ങിയ വരികളിലും നാടൻ പാട്ടുകളിൽ സർവ്വസാധാരണമായിക്കാണുന്ന ഔപമ്യങ്ങളുടെ ഭംഗി ആസ്വദിക്കാൻ കഴിയും.

'കുന്നിൻ മോളിലേക്കുണ്ണികയറി
കന്നും പൈക്കളും മേയുന്ന കണ്ടു
ചെത്തിപ്പൂവുകൾ പച്ചപ്പടർപ്പിൽ നി-
ന്നെത്തിനോക്കിച്ചിരിക്കുന്നകണ്ടു' (പൂതപ്പാട്ട്)

തുടങ്ങിയ നാടൻ ദൃശ്യബിംബങ്ങൾ കവി പൂതപ്പാട്ടിൽ വരച്ചുകാട്ടുന്നു. ഇത്തരം ഉദാഹരണങ്ങൾ എത്രവേണമെങ്കിലും ഈ കവിതകളിൽനിന്നും എടുത്തുകാട്ടുവാൻ കഴിയും.

(സാഹിത്യലോകം ജനുവരി, ഫെബ്രുവരി 2004)